# വെളിപ്പാട് പുസ്തകത്തിന്റെ ജീവ-പഠനം

### ദൂത് നാല്പത്തേഴ്

## ആദ്യഫലം എടുക്കപ്പെടുന്നതിനെത്തുടർന്നുള്ള കാര്യങ്ങൾ

ഈ ദൂതിൽ ആദ്യഫലം എടുക്കപ്പെടുന്നതിനെത്തുടർന്നുള്ള കാര്യങ്ങളെക്കുറിച്ച് നമുക്കു ചിന്തിക്കാം (14:6-13).

## II. തുടർന്നുള്ള കാര്യങ്ങൾ

### A. നിത്യസുവിശേഷം

ആദ്യഫലം എടുക്കപ്പെടുന്നതിനെത്തുടർന്നുള്ള ആദ്യത്തെ കാര്യം നിത്യസുവിശേഷം പ്രസംഗിക്കുന്നതായിരിക്കും (വാ. 6-7). നിങ്ങൾ വെളിപ്പാട് 14 നിരവധി പ്രാവശ്യം വായിച്ചിട്ടുണ്ടാകാമെങ്കിലും വാക്യം 6-ലെ *നിത്യസുവിശേഷം* എന്ന പ്രയോഗം നിങ്ങളിൽ ഒരുപക്ഷേ മതിപ്പുളവാക്കിയിട്ടുണ്ടാവില്ല. ഭാവിയിൽ, ആദ്യഫലം എടുക്കപ്പെട്ടതിനുശേഷം, "നിത്യസുവിശേഷം" എന്നൊരു സുവിശേഷം വെളിപ്പെടുമെന്ന് ഒരുപക്ഷേ ഒരു പ്രസംഗകനോ, ശുശ്രൂഷകനോ, പാസ്റ്ററോ നിങ്ങളോട് പറഞ്ഞിട്ടുണ്ടാവില്ല. മിക്ക ക്രിസ്ത്യാനികൾക്കും കൃപയുടെ സുവിശേഷം മാത്രമാണ് അറിയാവുന്നത്; ദൈവത്തിന്റെ വ്യവസ്ഥയിൽ മഹോപദ്രവത്തിന്റെ കാലത്ത് ഒരു നിത്യസുവിശേഷം പ്രസംഗിക്കപ്പെടുമെന്ന് അവർക്കറിയില്ല (മത്താ. 24:21).

സഭായുഗത്തിൽ പ്രസംഗിക്കപ്പെടുന്ന കൃപയുടെ സുവിശേഷത്തിൽനിന്ന് നിത്യസുവിശേഷം വ്യത്യസ്തമാണ് (പ്രവൃ. 20:24). കൃപയുടെ സുവിശേഷത്തിന്റെ അടിസ്ഥാന ഉള്ളടക്കം ദൈവത്തോടുള്ള മാനസാന്തരവും കർത്താവായ യേശുവിലുള്ള വിശ്വാസവുമാണ് (പ്രവൃ. 20:21); അത് മനുഷ്യർ തങ്ങളുടെ പാപങ്ങളിൽനിന്നു മോചിക്കപ്പെടുകയും ദൈവമക്കളായി വീണ്ടുംജനിക്കുകയും ചെയ്യേണ്ടതിനാണ് (ലൂക്കൊ. 24:47; യോഹ. 1:12). എന്നാൽ നിത്യസുവിശേഷം മനുഷ്യർ എതിർക്രിസ്തുവിനെ അനുഗമിക്കുന്നതിൽ വഞ്ചിക്കപ്പെടാതെ "ആകാശവും

ഭൂമിയും നിർമിച്ച് ദൈവത്തോടുള്ള സത്യാരാധനയിലേക്ക് മടങ്ങിവരേണ്ടതിന് (വാ. 7) ദൈവത്തെ ഭയപ്പെടുകയും ദൈവത്തെ ആരാധിക്കുകയും ചെയ്യുന്നതിനാണ്. ഇന്ന് ഭൂമിയിൽ കൃപയുടെ സുവിശേഷം പ്രസംഗിക്കുവാൻ മനുഷ്യനു മാത്രമാണ് വിശേഷാധികാരമുള്ളത് (പ്രവൃ. 10:3-6). എന്നാൽ നിത്യസുവിശേഷം ഭൂമിയിൽ മനുഷ്യരാലല്ല പ്രസംഗിക്കപ്പെടുന്നത്, പിന്നെയോ ഈ യുഗത്തിന്റെ അന്ത്യത്തിൽ മധ്യാകാശത്തിൽ ഒരു ദൂതനാലത്രേ.

മനുഷ്യരോട് ഇടപെടുവാൻ ദൈവത്തിന് വിവിധ മാർഗങ്ങളുണ്ടെന്ന് സകല വേദപുസ്തക പഠിതാക്കളും ഉപദേഷ്ടാക്കന്മാരും സമ്മതിക്കുന്നു. ഈ മാർഗങ്ങളെ യുഗങ്ങൾ എന്നു വിളിക്കുന്നു. *യുഗം* എന്ന പദത്തിൽ സമയത്തിന്റെ ആശയം ഉള്ളടങ്ങുന്നുണ്ടെങ്കിലും, അത് നിശ്ചിതമായി ജനവുമായി ഇടപെടുന്നതിന് ദൈവം ഉപയോഗിക്കുന്ന വിവിധ മാർഗങ്ങളെ കുറിക്കുന്നു. ഉദാഹരണത്തിന്, ന്യായപ്രമാണയുഗമെന്നത് ദൈവം ജനത്തോട് ന്യായപ്രമാണത്താൽ ഇടപെട്ട കാലഘട്ടമായിരുന്നു. ദൈവം യിസ്രായേലിനോട് ന്യായപ്രമാണയുഗത്തിലൂടെ ഇടപെട്ടു. ഓരോ കാലഘട്ടത്തിലും ചില ജനവുമായി ഇടപെടുവാൻ ദൈവത്തിന് ഒരു പ്രത്യേക രീതി ഉണ്ടായിരുന്നു. ന്യായപ്രമാണയുഗത്തിനുശേഷം നാം ഇന്നു ജീവിക്കുന്ന കൃപായുഗം വന്നു. ഈ യുഗത്തിൽ ന്യായപ്രമാണമനുസരിച്ചല്ല, കൃപയ്ക്കനുസൃതമായി അവനിലുള്ള വിശ്വാസികളുമായി ദൈവം ഇടപെടുന്നു. യോഹന്നാൻ സ്നാപകന്റെ വരവോടുകൂടി ന്യായപ്രമാണയുഗം അവസാനിച്ചതുപോലെ, കൃപായുഗം മഹോപദ്രവത്തിന്റെ ആരംഭത്തോടുകൂടി അവസാനിക്കും. യോഹന്നാൻ സ്നാപകൻ കൃപായുഗം എന്ന ഒരു പുതിയ യുഗത്തെ അവതരിപ്പിച്ചു. മഹോപദ്രവത്തിന്റെ ആരംഭത്തിൽ, സാത്താൻ ഭൂമിയിലേക്ക് എറിയപ്പെടുകയും നീറോകൈസറുടെ ആത്മാവ് അഗാധത്തിൽനിന്നു കയറിവരികയും ചെയ്യുമ്പോൾ കൃപായുഗം അവസാനിക്കും. മഹോപദ്രവത്തിന്റെ മൂന്നരവർഷം, അഥവാ നാല്പത്തിരണ്ടു ' മാസം, ജനത്തോട് ഇടപെടുവാൻ ദൈവത്തിന് മറ്റൊരു മാർഗം—നിത്യസുവിശേഷത്തിന്റെ മാർഗം—ഉണ്ടായിരിക്കും.

നിങ്ങൾ വെളിപ്പാട് 14 ശ്രദ്ധിച്ചു വായിക്കുമെങ്കിൽ, നിത്യസുവിശേഷത്തിന്റെ ഉള്ളടക്കം ഇന്നു നാം പ്രസംഗിക്കുന്ന സുവിശേഷത്തിൽനിന്നും തികച്ചും വ്യത്യസ്തമാണെന്ന് നിങ്ങൾ കാണും. നാം പ്രസംഗിക്കുന്ന സുവിശേഷത്തിൽ രണ്ടു മുഖ്യകാര്യങ്ങൾ അടങ്ങുന്നു—ദൈവത്തോടുള്ള മാനസാന്തരവും കർത്താവായ യേശു ക്രിസ്തുവിലുള്ള വിശ്വാസവും. കൃപായുഗത്തിന്റെ ആരംഭത്തിൽ യോഹന്നാൻ സ്നാപകൻ മാനസാന്തരം പ്രസംഗിക്കുവാൻ പ്രത്യക്ഷനായി (മത്താ. 3:1-2).

അവനെ തുടർന്ന് കർത്താവായ യേശു മാനസാന്തരവും വിശ്വാസവും പ്രസംഗിച്ചു. "മാനസാന്തരപ്പെടുവിൻ" എന്ന് യോഹന്നാൻ സ്നാപകനും (3:2), "മാനസാന്തരപ്പെട്ട് വിശ്വസിക്കുവിൻ" എന്ന് കർത്താവായ യേശുവും പറഞ്ഞു (മർക്കൊ. 1:15). പ്രവൃത്തികളിൽ, മാനസാന്തരവും വിശ്വാസവും പ്രസംഗിക്കുന്നതിൽ അപ്പൊസ്തലന്മാർ കർത്താവായ യേശുവിനെ പിൻതുടർന്നു. മാനസാന്തരം മനസ്സിന്റെ മാറ്റത്തെ അർഥമാക്കുന്നു; ഇത് ധാരണയുടെ ഒരു മാറ്റവും ജീവിതത്തെക്കുറിച്ചുള്ള തിരിച്ചറിവിനെ സംബന്ധിച്ച ഒരു മാറ്റവും ആണ്. തങ്ങളുടെ ജീവിതം ദൈവത്തിൽനിന്ന് അകന്നിരിക്കുന്നതുകൊണ്ട് മനുഷ്യർക്ക് ഒരു തിരിവ് ആവശ്യമാണ്. ഇപ്പോൾ അവർ ദൈവത്തിലേക്കു തിരിയണം. ഇതാണ് മാനസാന്തരപ്പെടുക എന്നത് അർഥമാക്കുന്നത്. എങ്കിലും, ഇത് കൃപയുടെ സുവിശേഷത്തിന്റെ ഒരു ചെറിയ ഭാഗം മാത്രമാണ്. കൃപയുടെ സുവിശേഷത്തിന്റെ വലിയ ഭാഗം നമ്മുടെ പാപങ്ങൾ മോചിക്കപ്പെടേണ്ടതിനും ദൈവത്തിന്റെ പുത്രന്മാരായിത്തീരുന്നതിന് നിത്യജീവൻ ഉണ്ടായിരിക്കേണ്ടതിനും കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിക്കുന്നതാണ്. ഇതാണ് ഇന്നു നാം പ്രസംഗിക്കുന്ന കൃപയുടെ സുവിശേഷത്തിന്റെ ഉള്ളടക്കം.

നിത്യസുവിശേഷത്തിന്റെ ഉള്ളടക്കം വളരെ വ്യത്യസ്തമാണ്. നിത്യസുവിശേഷത്തിൽ മാനസാന്തരമോ വിശ്വാസമോ ഇല്ല. മറിച്ച്, "ആകാശവും ഭൂമിയും സമുദ്രവും നീരുറവുകളും നിർമിച്ച" ദൈവത്തെ ഭയപ്പെടുവാനും അവന് മഹത്വം കൊടുക്കുവാനും അവനെ ആരാധിക്കുവാനുമുള്ള കല്പനയാണുള്ളത് (വാ. 7). സ്രഷ്ടാവായ ദൈവത്തെ ആരാധിക്കുവാനുള്ള കല്പന വാക്യം 9-ൽ പറഞ്ഞിരിക്കുന്ന എതിർക്രിസ്തുവിനെയും അവന്റെ പ്രതിമയെയും ആരാധിക്കുന്നതിനു വിരുദ്ധമായതാണ്. മനുഷ്യർ എതിർക്രിസ്തുവിനെ അനുഗമിക്കണമെന്ന കള്ളപ്രവാചകന്റെ വഞ്ചനയ്ക്കു വിരുദ്ധമായും, മഹോപദ്രവകാലത്ത് എതിർക്രിസ്തുവിനെ ആരാധിക്കാതിരിക്കുന്നവർക്കുള്ള മരണഭീഷണിക്കു വിരുദ്ധമായും (13:14–15) ഭൂവാസികൾക്കു നല്കപ്പെട്ടിരിക്കുന്ന കല്പനയാണ് ദൈവത്തെ ഭയപ്പെട്ട് അവന് മഹത്വംകൊടുക്കുവിൻ എന്നത്. നിത്യസുവിശേഷം പ്രസംഗിക്കുന്ന ദൂതൻ ഇപ്രകാരം പറയുന്നതായി തോന്നുന്നു, "നിങ്ങൾ ദൈവത്തെ ഭയപ്പെടണം. എതിർക്രിസ്തു ദൈവമല്ലാത്തതുകൊണ്ട് അവനെ ഭയപ്പെടേണ്ട ആവശ്യമില്ല. എതിർക്രിസ്തുവിന് നിങ്ങളെ തീപ്പൊയ്കയിലേക്ക് ഇടുവാൻ കഴിയുകയില്ല, ദൈവത്തിനുമാത്രമേ കഴിയൂ. എതിർക്രിസ്തു ചില അടയാളങ്ങൾ ചെയ്യുമെങ്കിലും, അവൻ ആകാശത്തെയും, ഭൂമിയെയും, സമുദ്രത്തെയും, നീരുറവുകളെയും സൃഷ്ടിച്ചില്ല. ദൈവമാണ് സ്രഷ്ടാവ്. പ്രപഞ്ചത്തിന്റെ സ്രഷ്ടാവ് എന്ന

നിലയിൽ നിങ്ങൾ അവനെ ഭയപ്പെടുകയും, അവന് മഹത്വം കൊടുക്കുകയും വേണം. എതിർക്രിസ്തുവിനെയും അവന്റെ പ്രതിമയെയും ആരാധിക്കരുത്. നിങ്ങൾ എല്ലാവരും ദൈവത്തെ ആരാധിക്കണം." ഇതാണ് നിത്യസുവിശേഷം. നമുക്ക് മെച്ചപ്പെട്ട ഒരു സുവിശേഷമുള്ളതുകൊണ്ട് ഈ സുവിശേഷം കേൾക്കേണ്ട ആവശ്യം നമുക്കില്ല.

"അവന്റെ ന്യായവിധിയുടെ നാഴിക വന്നിരിക്കുന്നു" എന്നും വാക്യം 7 പറയുന്നു. ഇവിടെ പറയുന്ന ന്യായവിധി മത്തായി 25:31-46-ൽ ക്രിസ്തു പ്രവചിച്ചതുപോലെ ഭൂമിയിലേക്കുള്ള അവന്റെ മടങ്ങിവരവിൽ സകല ജാതികളുടെയുംമേൽ അവൻ നടപ്പാക്കുന്ന ന്യായവിധിയാണ്. ജീവിച്ചിരിക്കുന്നവരുടെമേൽ സഹസ്രാബ്ദത്തിനു മുമ്പ് നടപ്പാക്കുന്ന ഈ ന്യായവിധി 20:11-15-ൽ പറഞ്ഞിരിക്കുന്ന, സഹസ്രാബ്ദത്തിനുശേഷമുള്ള മരിച്ചവരുടെ ന്യായവിധിയിൽനിന്നും വ്യത്യസ്തമാണ്. കർത്താവിന്റെ മടങ്ങിവരവിന്റെ സമയത്ത് ശേഷിക്കുന്ന ജാതികളായ സകല ജനവും മഹോപദ്രവത്തിന്റെ സമയം ദൂതനാൽ പ്രസംഗിക്കപ്പെടുന്ന നിത്യസുവിശേഷത്തിനനുസൃതമായി ന്യായംവിധിക്കപ്പെടും. ദൈവത്തെ ഭയപ്പെട്ടും അവനെ ആരാധിച്ചുംകൊണ്ട് അവർ ദൈവജനത്തെ നന്നായി പരിചരിച്ചുവെങ്കിൽ, അതായത്, മഹോപദ്രവകാലത്ത് എതിർക്രിസ്തുവിന്റെ ഉപദ്രവത്തിൻകീഴിൽ ദാരിദ്ര്യവും തടവറയും അനുഭവിച്ച കർത്താവിന്റെ സഹോദരന്മാരായ ക്രിസ്ത്യാനികളെയും യെഹൂദന്മാരെയും കരുതിയിട്ടുണ്ടെങ്കിൽ, ലോകസ്ഥാപനംമുതൽ അവർക്കുവേണ്ടി ദൈവം ഒരുക്കിയിരിക്കുന്ന രാജ്യം അവകാശമാക്കിക്കൊള്ളുവാൻ സഹസ്രാബ്ദത്തിന്റെ ഭൗമികഭാഗത്തിലേക്കു അവർ പ്രവേശിക്കത്തക്കവണ്ണം അവർ കർത്താവിനാൽ നീതീകരിക്കപ്പെടും (മത്താ. 25:34). അവർ എതിർക്രിസ്തുവിനെ അനുഗമിച്ചും അവന്റെ പ്രതിമയെ ആരാധിച്ചുംകൊണ്ട് ക്രിസ്ത്യാനികളോടും യെഹൂദന്മാരോടും മോശമായി പെരുമാറിയിട്ടുണ്ടെങ്കിൽ, അവർ ശിക്ഷവിധിക്കപ്പെടുകയും പിശാചിനും അവന്റെ ദൂതന്മാർക്കുംവേണ്ടി ഒരുക്കിയിരിക്കുന്ന തീപ്പൊയ്ക എന്ന നിത്യാഗ്നിയിലേക്ക് എറിയപ്പെടുകയും ചെയ്യും (25:41).

അവൻ തന്റെ തേജസ്സിൽ വരുമെന്നും "തന്റെ തേജസ്സിന്റെ സിംഹാസനത്തിന്മേൽ ഇരിക്കും" എന്നും മത്തായി 25:31-ൽ കർത്താവായ യേശു പറഞ്ഞു. ഈ വാക്യം ന്യായാസനത്തെക്കുറിച്ചല്ല (2 കൊരി. 5:10) അവന്റെ തേജസ്സിന്റെ സിംഹാസനത്തെക്കുറിച്ചാണ് സംസാരിക്കുന്നത്; കാരണം ആ സമയമാകുമ്പോഴേക്കും ന്യായാസനത്തിൽവച്ചുള്ള വിശ്വാസികളുടെ ന്യായവിധി കഴിഞ്ഞിരിക്കും. ഒന്നാമത് കർത്താവ് സ്വർഗത്തിൽനിന്നും ആകാശത്തിലേക്ക് ഇറങ്ങിവരും. സകല വിശുദ്ധന്മാരും എടുക്കപ്പെട്ടതിനുശേഷം

അവൻ അവരെ ന്യായാസനത്തിൽവച്ച് ന്യായംവിധിക്കും. ഇത് അവിശ്വാസികളുടെ ന്യായവിധിയല്ല; ഇത് ആർക്കു പ്രതിഫലം കൊടുക്കണം, ആരെ അച്ചടക്കത്തിനു വിടണം എന്നു തീരുമാനിക്കാനുള്ള വിശ്വാസികളുടെ ന്യായവിധിയായിരിക്കും. ഈ ന്യായവിധി നടപ്പാക്കിയശേഷം എതിർക്രിസ്തുവിനെയും അവന്റെ സൈന്യത്തെയും തോല്പിക്കുന്നതിന് കർത്താവു തന്റെ ജയാളികളായ വിശുദ്ധന്മാരുടെ സൈന്യവുമായി തേജസ്സിൽ വരും. എതിർക്രിസ്തുവിനെയും കള്ളപ്രവാചകനെയും ജീവനോടെ തീപ്പൊയ്കയിലേക്ക് എറിഞ്ഞതിനുശേഷവും, എതിർക്രിസ്തുവിന്റെ സൈന്യങ്ങൾ പക്ഷികൾക്കുള്ള വിരുന്നായിത്തീർന്നശേഷവും (19:11-21), ഭൂമിയിൽ ജാതികളായ അനേകം അവിശ്വാസികൾ ഉണ്ടായിരിക്കും. അപ്പോൾ കർത്താവായ യേശു തേജസ്സിന്റെ സിംഹാസനം സ്ഥാപിക്കുകയും, ജാതികളായ, അവശേഷിക്കുന്ന സകല അവിശ്വാസികളും അവന്റെ മുമ്പാകെ കൂട്ടിച്ചേർക്കപ്പെടുകയും (മത്താ. 25:32), അവൻ അവരുടെമേൽ തന്റെ ന്യായവിധി നടപ്പാക്കുകയും ചെയ്യും. ജീവിച്ചിരിക്കുന്നവരെയും മരിച്ചവരെയും ന്യായംവിധിക്കുവാൻ കർത്താവ് ദൈവത്താൽ നിയമിക്കപ്പെട്ടവനാണെന്ന് പ്രവൃത്തികൾ 10:42-ഉം, 17:31-ഉം, 2 തിമൊഥെയൊസ് 4:1-ഉം വെളിപ്പെടുത്തുന്നു. എതിർക്രിസ്തുവിനെയും കള്ളപ്രവാചകനെയും തോല്പിക്കുകയും അവന്റെ തേജസ്സിന്റെ സിംഹാസനം സ്ഥാപിക്കുകയും ചെയ്തശേഷം കർത്താവ് ജീവിച്ചിരിക്കുന്നവരെ ന്യായംവിധിക്കും. ഈ ന്യായവിധി നടപ്പാക്കിക്കഴിയുമ്പോൾ സഹസ്രാബ്ദരാജ്യം ആരംഭിക്കും. സഹസ്രാബ്ദരാജ്യത്തിനുശേഷം, വലിയ വെള്ളസിംഹാസനത്തിൽവച്ച് കർത്താവു മരിച്ചവരെ ന്യായംവിധിക്കും (20:11-15).

എന്ത് മാനദണ്ഡമനുസരിച്ചാണ് കർത്താവ് ജീവിച്ചിരിക്കുന്ന അവിശ്വാസികളെ തന്റെ തേജസ്സിന്റെ സിംഹാസനത്തിൽവച്ച് ന്യായംവിധിക്കുന്നത്? മോശെയുടെ ന്യായപ്രമാണമനുസരിച്ച് കർത്താവ് അവരെ ന്യായംവിധിക്കുമെന്ന യാതൊരു സൂചനയും ഇല്ല. കൃപയുടെ സുവിശേഷമനുസരിച്ചും അവൻ അവരെ ന്യായംവിധിക്കുകയില്ല. "എന്നിൽ വിശ്വസിക്കുന്നവർ ചെമ്മരിയാടുകളും എന്നിൽ വിശ്വസിക്കാത്തവർ കോലാടുകളും ആണ്" എന്ന് കർത്താവു പറയുകയില്ല. മറിച്ച്, മത്തായി 25:31-46 അനുസരിച്ച്, ദൈവത്തെ ഭയപ്പെടുന്ന യെഹൂദന്മാരും ക്രിസ്തുവിൽ വിശ്വസിക്കുന്ന ക്രിസ്ത്യാനികളുമായ അവന്റെ ചെറിയ സഹോദരന്മാരെ ജീവിച്ചിരിക്കുന്ന അവിശ്വാസികൾ പരിചരിച്ച രീതിക്കനുസരിച്ച് കർത്താവു ന്യായംവിധിക്കും. ഇവർ മഹോപദ്രവത്തിലൂടെ കടന്നുപോകുന്നവരും എതിർക്രിസ്തുവിന്റെ ഉപദ്രവം സഹിക്കുന്നവരും ആയിരിക്കും. അങ്ങനെ, കർത്താവ് അവരെ അവന്റെ ചെറിയ സഹോദരന്മാരായി കണക്കാക്കും.

മഹോപദ്രവകാലത്ത് ദൈവഭയമുള്ള യെഹൂദന്മാരും ക്രിസ്തുവിൽ വിശ്വസിക്കുന്ന ക്രിസ്ത്യാനികളും വിശന്നും ദാഹിച്ചും നഗ്നരായും രോഗിയായും തടവിലാക്കപ്പെട്ടും ഇരിക്കും (മത്താ. 25:35-39). ആ സമയത്ത് അവന്റെ സഹോദരന്മാരെ അവർ പരിചരിച്ച തിനനുസരിച്ച് ജീവിച്ചിരിക്കുന്ന അവിശ്വാസികളെ കർത്താവു ന്യായംവിധിക്കും. ചിലർ അവരെ നന്നായി പരിചരിക്കും. സംശയമെന്യേ, എതിർക്രിസ്തുവും അവന്റെ ജനവും യെഹൂദന്മാരെയും ക്രിസ്ത്യാനികളെയും ഉപദ്രവിച്ചുകൊണ്ടിരിക്കു മ്പോൾ ദൂതൻ പ്രസംഗിക്കുന്ന നിത്യസുവിശേഷം കേൾക്കുന്നവരാ യിരിക്കും അവർ. ദൈവത്തെ ഭയപ്പെട്ട് അവനെ ആരാധിക്കുവാൻ കല്പിച്ചുകൊണ്ടുള്ള ഈ സുവിശേഷം അവർ കേൾക്കുമ്പോൾ അവരുടെ ഹൃദയം സ്പർശിക്കപ്പെടുകയും അവർ കർത്താവിന്റെ ചെറിയ സഹോദരന്മാരെ സാനുകൂലം പരിചരിക്കുകയും ചെയ്യും.

അങ്ങനെ, തന്റെ തേജസ്സിന്റെ സിംഹാസനത്തിൽ ജീവിച്ചിരിക്കുന്ന അവിശ്വാസികളുടെമേൽ ക്രിസ്തു ന്യായവിധി നടപ്പാക്കുന്നത് നിത്യസുവിശേഷത്തിന്മേൽ അടിസ്ഥാനപ്പെട്ടായി രിക്കും. ആ സുവിശേഷത്തിന് ചെവികൊടുക്കുകയും അവന്റെ സഹോദരന്മാരെ നന്നായി പരിചരിക്കുകയും ചെയ്യുന്നവനെല്ലാം "ചെമ്മരിയാടായി" കണക്കാക്കപ്പെടും. മറ്റുള്ളവർ "കോലാടുകളായി" കണക്കാക്കപ്പെടും. ദൈവജനത്തെ ഉപദ്രവിക്കുവാൻ എതിർക്രിസ്തുവിനെ അനുഗമിക്കുന്ന "കോലാടുകളെ" എതിർക്രി സ്തുവിനോടുകൂടെ തീപ്പൊയ്കയിലേക്ക് ഇട്ടുകളയും. എന്നാൽ, സകല "ചെമ്മരിയാടുകളും" "ലോകസ്ഥാപനം മുതൽ" (മത്താ. 25:34) അവർക്കായി ഒരുക്കിയിരിക്കുന്ന സഹസ്രാബ്ദരാജ്യ ത്തിന്റെ ഭൗമികഭാഗത്തിലേക്കു പ്രവേശിക്കും; എന്നാൽ അവർ രാജാക്കന്മാരോ പുരോഹിതന്മാരോ ആയിരിക്കാതെ ആ രാജ്യത്തിന്റെ പൗരന്മാരായിരിക്കും. സഹസ്രാബ്ദരാജ്യത്തിൽ ജയിക്കുന്ന ക്രിസ്ത്യാനികളായ നാം രാജാക്കന്മാരായിരിക്കുകയും; കാക്കപ്പെടുകയും രക്ഷിക്കപ്പെടുകുയും ചെയ്യുന്ന ദൈവഭയമുള്ള യെഹൂദന്മാർ പുരോഹിതന്മാരായിരിക്കുകയും; "ചെമ്മരിയാടുകൾ" പൗരന്മാരായിരിക്കുകയും ചെയ്യും. അതുകൊണ്ട്, ന്യായപ്രമാണയു ഗത്താൽ ദൈവം യെഹൂദന്മാരെ പുരോഹിതന്മാരായിരിക്കുവാൻ നേടുകയും, കൃപായുഗത്താൽ അവൻ വിശ്വാസികളെ രാജാക്ക ന്മാരായിരിക്കുവാൻ നേടുകയും, നിത്യസുവിശേഷത്താൽ അവൻ ദൈവഭയമുള്ള ജാതികളെ സഹസ്രാബ്ദരാജ്യത്തിലെ പൗരന്മാരാ യിരിക്കുവാൻ നേടുകയും ചെയ്യും.

പലവിധ കഷണങ്ങളായി മുറിച്ച ചിത്രത്തെ വീണ്ടും കൂട്ടി ച്ചേർത്തുവയ്ക്കുന്നതുപോലെ വചനത്തിലെ വിവിധ ഭാഗങ്ങൾ ശരിയാംവണ്ണം കൂട്ടിച്ചേർത്തുവച്ചതിലൂടെയാണ് ഈ വ്യക്തമായ ചിത്രം രൂപപ്പെട്ടത്. ഈ "കടങ്കഥ"-യുടെമേൽ വളരെയധികം

വർഷങ്ങൾ ഞാൻ അധ്വാനിച്ചു. അവസാനം എല്ലാ കഷണങ്ങളെയും ഒരുമിച്ചു ചേർത്തുവയ്ക്കുവാൻ കഴിഞ്ഞപ്പോൾ ഞാൻ എത്ര സന്തോഷവാനായിരുന്നെന്നോ! ഈ "കടങ്കഥ"യുടെ വലിയ കഷണം മത്തായി 25:31-46 ആണ്. വർഷങ്ങളോളം ഈ കഷണം ശരിയായ സ്ഥാനത്തിൽ വയ്ക്കുവാൻ ഞാൻ വിഫലമായി ശ്രമിച്ചുകൊണ്ടിരുന്നു. എല്ലായിടത്തും ഈ കഷണം വയ്ക്കുവാൻ ഞാൻ ശ്രമിച്ചുവെങ്കിലും, ഒരിടത്തും അതു യോജിച്ചില്ല. ഒടുവിൽ, ഈ കഷണം എവിടെ ചേരുമെന്ന് ഞാൻ കണ്ടെത്തി. ഇപ്പോൾ, ഒരു കടങ്കഥയ്ക്കുപകരം നമുക്ക് തെളിവായ ഒരു ചിത്രമുണ്ട്.

ദൈവത്തിന്റെ കരുണനിമിത്തം, നിത്യസുവിശേഷം പ്രസംഗിക്കപ്പെടുന്നത് ആദ്യഫലത്തിന്റെ ഉൾപ്രാപണത്തെ തുടർന്നായിരിക്കും. ആദ്യഫലം എടുക്കപ്പെട്ടതിനുശേഷം എതിർക്രിസ്തു ദൈവഭയമുള്ള യെഹൂദന്മാരെയും ക്രിസ്തുവിശ്വാസികളായ ക്രിസ്ത്യാനികളെയും ഉപദ്രവിക്കും. അപ്പോൾ നിത്യസുവിശേഷം പ്രസംഗിക്കുവാൻ ദൈവം ഒരു ദൂതനെ മധ്യാകാശത്തിലേക്ക് അയയ്ക്കും.

ഇരുപത്തഞ്ചു വർഷങ്ങൾക്കുമുമ്പ്, ബഹിരാകാശ സാങ്കേതികവിദ്യയെക്കുറിച്ച് നാം യാതൊന്നും അറിഞ്ഞിരുന്നില്ല. "സ്വർഗത്തിലെ സൈന്യം" എന്നു വേദപുസ്തകം വിളിക്കുന്ന അന്യഗ്രഹങ്ങളെ സ്പർശിക്കുന്നതിന് എതിർക്രിസ്തു നൂതന ശാസ്ത്രസാങ്കേതികവിദ്യ ഉപയോഗിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു. പെട്ടെന്ന്, ദൈവത്തിന്റെ കരുണയാൽ, ദൈവത്തെ ഭയപ്പെടുവാനും അവനെ ആരാധിക്കുവാനും ദൈവജനത്തെ ഉപദ്രവിക്കാതിരിക്കാനുമുള്ള മുന്നറിയിപ്പു നല്കിക്കൊണ്ട് ഭൂവാസികളോട് ഒരു നിത്യസുവിശേഷം പ്രസംഗിക്കുവാൻ ഒരു ദൈവദൂതപ്രസംഗകൻ ആകാശത്തിൽ പ്രത്യക്ഷനാകും. ആദ്യഫലത്തിന്റെ ഉൾപ്രാപണത്തെ തുടർന്ന് ഉയർന്നുവരുന്ന ഉപദ്രവം അവന്റെ കരുണകൂടാതെ ആർക്കും സഹിക്കുവാൻ കഴിയാത്തവണ്ണം അത്രയ്ക്ക് കഠിനമായിരിക്കുമെന്ന് ദൈവം അറിയുന്നു. എന്നാൽ അനേകർ നിത്യസുവിശേഷം കേൾക്കുകയും, അതു വിശ്വസിക്കുകയും, ഉപദ്രവിക്കപ്പെടുന്നവരെ സഹായിക്കുകയും ചെയ്യും. ഈ രീതിയിൽ, കഷ്ടമനുഭവിക്കുന്ന യെഹൂദന്മാരും ഉപദ്രവിക്കപ്പെട്ട ക്രിസ്ത്യാനികളും ആവശ്യമായ ഭക്ഷണവും, വസ്ത്രവും, സന്ദർശനങ്ങളും നേടുവാൻ തക്കവണ്ണം സഹായിക്കപ്പെടും. തന്റെ ജനത്തെ സഹായിച്ചവരുടെ പ്രവൃത്തികളെ കർത്താവ് അറിയുകയും, ജീവിച്ചിരിക്കുന്നവരെ ന്യായംവിധിക്കുവാൻ അവൻ വരുമ്പോൾ, അവരെ "ചെമ്മരിയാടുകളായി" പരിഗണിക്കുകയും ചെയ്യും. നിത്യസുവിശേഷം സഹസ്രാബ്ദരാജ്യത്തിനുവേണ്ടിയുള്ള പൗരന്മാരെ ഉളവാക്കുമെങ്കിലും, അതിന്റെ ഉദ്ദേശ്യം മഹോപദ്രവകാലത്ത് ദൈവജനത്തിന്റെ കഷ്ടം കുറയ്ക്കുക എന്നതുംകൂടിയാണ്. ദൈവം കരുണയുള്ളവനും അവന്റെ

ജനത്തെ കരുതുന്നവനും ആണ്. അവന്റെ കരുണയ്ക്കായി നാം അവന് എത്രമാത്രം സ്തോത്രംചെയ്യണം!

സഹസ്രാബ്ദരാജ്യത്തിലെ "ചെമ്മരിയാട്" വീണ്ടുംജനിച്ച വിശ്വാസികളായിരിക്കുകയില്ല. വീണ്ടുംജനിപ്പിക്കുന്നതിനു പകരം അവരെ കേവലം തങ്ങളുടെ സൃഷ്ടിക്കപ്പെട്ട ആരംഭ സ്ഥിതിയിലേക്ക് പുനഃസ്ഥാപിക്കും. പുനഃസ്ഥാപന സമയത്തെക്കുറിച്ച് പ്രവൃത്തികൾ 3:21 പറയുന്നു. ഈ സമയം സൂര്യനും, ചന്ദ്രനും, നക്ഷത്രങ്ങളും ഏഴിരട്ടി പുനഃസ്ഥാപിക്കപ്പെടും (യെശ. 30:26). മനുഷ്യജീവിതത്തിന്റെ ദൈർഘ്യവും പുനഃസ്ഥാപിക്കപ്പെടും. നൂറു വയസ്സുള്ളവനായി മരിക്കുന്ന ഏവനും അകാലമായി മരിക്കുന്നവനായി കണക്കാക്കപ്പെടും (യെശ. 65:20). സകല "ചെമ്മരിയാടുകളും" ആദാമിന്റെ സാഹചര്യത്തിലേക്ക്, മനുഷ്യനെ സൃഷ്ടിച്ച സമയത്തെ ആരംഭസ്ഥിതിയിലേക്ക്, പുനഃസ്ഥാപിക്കപ്പെടും. അവർ നമ്മിൽനിന്നും വ്യത്യസ്തരായിരിക്കും. നാം കർത്താവായ യേശുവിൽ വിശ്വസിച്ചപ്പോൾ നിത്യജീവൻ നമ്മിലേക്കു പ്രവേശിച്ചു. എന്നാൽ നിത്യജീവൻ "ചെമ്മരിയാടുകളുടെ" ഉള്ളിലേക്ക് പ്രവേശിക്കുകയില്ല; മറിച്ച്, അവർ നിത്യജീവനിലേക്ക്, നിത്യജീവന്റെ മണ്ഡലത്തിലേക്ക് പ്രവേശിക്കും (മത്താ. 25:46). അവർ പുനഃസ്ഥാപിക്കപ്പെടുക മാത്രം ചെയ്യുമെന്ന് ഇത് അർഥമാക്കുന്നു. അവർ വീണ്ടുംജനിപ്പിക്കപ്പെടാതിരിക്കുകയും ദൈവത്തിന്റെ പുത്രന്മാരാക്കുവാൻ അവരുടെ ആളത്തത്തിൽ നിത്യജീവൻ ഇല്ലാതിരിക്കുകയും ചെയ്യുമെങ്കിലും, ദൈവത്തിന്റെ ജനമായി, സഹസ്രാബ്ദരാജ്യത്തിലെ പൗരന്മാരായി, ഭൂമിയിൽ ജീവിക്കുവാൻ അവർ ശരിയായ മനുഷ്യരായി പുനഃസ്ഥാപിക്കപ്പെടും.

Mon

## B. മതപരമായ ബാബിലോണിന്റെ വീഴ്ച

ആദ്യഫലത്തിന്റെ ഉൾപ്രാപണത്തെ തുടർന്നുള്ള രണ്ടാമത്തെ സംഭവം മതപരമായ ബാബിലോണിന്റെ വീഴ്ചയായിരിക്കും. വാക്യം 8 പറയുന്നു, "രണ്ടാമത് മറ്റൊരു ദൂതൻ പറഞ്ഞത്, വീണുപോയി, തന്റെ പരസംഗത്തിന്റെ കോപവീഞ്ഞിൽനിന്ന് സകല രാഷ്ട്രങ്ങളെയും കുടിപ്പിച്ച മഹതിയാം ബാബിലോൻ വീണുപോയി!" "സകല രാഷ്ട്രങ്ങളെയും കുടിപ്പിച്ച" എന്ന വിശേഷക ഉപവാക്യം, സൂചിപ്പിക്കുന്നത് ഇവിടത്തെ ബാബിലോൺ 18:2-ലെന്നപോലെ ഭൗതിക ബാബിലോണിനെയല്ല, 17:2-6-ലെന്നപോലെ കത്തോലിക്കാസഭ എന്ന മതപരവും, മാർമികവുമായ ബാബിലോണിനെ പരാമർശിക്കുന്നു എന്നാണ്. അവസാനത്തെ ആഴ്ചവട്ടത്തിന്റെ മധ്യത്തിൽ യിസ്രായേലുമായുള്ള ഉടമ്പടി എതിർക്രിസ്തു ലംഘിക്കുമ്പോൾ (ഏഴു വർഷം, ദാനീ. 9:27; 11:31), അവൻ സകല മതത്തെയും നശിപ്പിക്കും. ഇത് മൂന്നരവർഷം തുടരുന്ന മഹോപദ്രവത്തിന്റെ

ആരംഭംകുറിക്കും. എതിർക്രിസ്തു സകല ദേവന്മാർക്കും മുകളിലായി തന്നെത്താൻ ഉയർത്തുകയും, ദൈവമായി അവനെ ആരാധിക്കുവാൻ ജനത്തെ നിർബന്ധിക്കുകയും ചെയ്യും (ദാനീ. 8:9–11; 11:36–37; 2 തെസ്സ. 2:3–4; വെളി. 13:4–6, 12, 14–15). ആ സമയം അവൻ വിശ്വാസത്യാഗിനിയായ റോമൻ കത്തോലിക്കാസഭ എന്ന മതപരമായ ബാബിലോണിനെ നശിപ്പിക്കും (17:16). തന്മൂലം, മതപരമായ ബാബിലോൺ മഹോപദ്രവത്തിന്റെ ആരംഭത്തിൽ വീഴുകയും, ഭൗതിക ബാബിലോൺ മഹോപദ്രവത്തിനുശേഷം വീഴുകയും ചെയ്യും (18:2).

റോമൻ കത്തോലിക്കാസഭ "സകല രാഷ്ട്രങ്ങളെയും കുടിപ്പിച്ച" അവളുടെ ആത്മിക പരസംഗത്തെ "അവളുടെ പരസംഗത്തിന്റെ വീഞ്ഞ്" സൂചിപ്പിക്കുന്നു (17:2–6; 14:8). തന്റെ പരസംഗത്തിൽ അവൾ ഏർപ്പെടുമ്പോൾത്തന്നെ അതിനു സമ്മതിക്കാത്ത വിശുദ്ധന്മാരോട് അവൾ ക്രോധത്തിലാണ്. ഇതാണ് "തന്റെ പരസംഗത്തിന്റെ കോപം." ഇക്കാരണത്താൽ, "അവളുടെ പരസംഗത്തിന്റെ വീഞ്ഞിനെ" "തന്റെ പരസംഗത്തിന്റെ കോപവീഞ്ഞ്" എന്നും വിളിച്ചിരിക്കുന്നു.

അവസാനത്തെ മൂന്നര വർഷത്തിന്റെ മധ്യത്തിൽ എതിർക്രിസ്തു പുനർജീവിപ്പിക്കപ്പെടുമെന്ന് നാം കണ്ടു. അവനെ പുനർജീവിപ്പിക്കുന്നതിനുമുമ്പ് അവൻ റോമാസാമ്രാജ്യത്തിന്റെ ഏഴാമത്തെ കൈസറായി കൊല്ലപ്പെടും. അഗാധത്തിൽനിന്നും നീറോകൈസറുടെ ആത്മാവ് പുറപ്പെട്ട് അവനിലേക്കു പ്രവേശിച്ചതിനുശേഷം, അവൻ എട്ടാമത്തെ കൈസറായി പുനർജീവിപ്പിക്കപ്പെടുകയും, തൻനിമിത്തം ഒരു പ്രകൃത്യാതീത ആളത്തമായിത്തീരുകയും ചെയ്യും. അവൻ പുനർജീവിപ്പിക്കപ്പെട്ടശേഷം, എല്ലാ മതത്തെയും നശിപ്പിക്കുകയും അവനെത്തന്നെ മതപരമായ ആരാധനയുടെ അദ്വിതീയ മൂർത്തിയാക്കുകയും ചെയ്യും. അവൻ യെഹൂദന്മാരുടെ യാഗങ്ങൾ നീക്കിക്കളയുകയും യെഹൂദമതത്തെ നശിപ്പിക്കുകയും മാത്രമല്ല, പതിനേഴാം അധ്യായത്തിൽ വിവരിച്ചിരിക്കുന്ന മൃഗത്തിന്മേലുള്ള സവാരിക്കാരിയെയും നശിപ്പിക്കും. "കടുംചുവപ്പുള്ള മൃഗത്തിന്മേൽ ഒരു സ്ത്രീ ഇരിക്കുന്നത്" (17:3) വിശ്വാസത്യാഗിനിയായ റോമൻ കത്തോലിക്കാസഭ എന്ന "മഹാവേശ്യ" ആണ് (17:1). മൃഗം റോമാസാമ്രാജ്യത്തെ, പ്രത്യേകിച്ചും എതിർക്രിസ്തുവിനെ സൂചിപ്പിക്കുന്നു. ഈ ചിത്രമനുസരിച്ച്, റോമൻ കത്തോലിക്കാസഭ എന്ന ദുഷ്ടസ്ത്രീ റോമാസാമ്രാജ്യത്തിന്മേലിരുന്ന് ഓടിക്കുകയായിരിക്കും. മഹാനായ കോൺസ്റ്റന്റൈനിന്റെ കാലത്തിനുശേഷം അധികം വൈകാതെതന്നെ സഭ വിശ്വാസത്യാഗിനി മാത്രമല്ല ലൗകികയും ആയിത്തീർന്ന അളവോളം അധഃപതിച്ചു. റോമാസാമ്രാജ്യത്തിന്മേലിരിക്കുന്ന ഒരു സവാരിക്കാരിയായിത്തീരുംവണ്ണം അത് അത്രത്തോളം ശക്തിയായി

വളർന്നു. എന്നാൽ അവസാനത്തെ ഏഴു വർഷത്തിന്റെ മധ്യത്തിൽ, എതിർക്രിസ്തു എന്ന മൃഗം യെഹൂദന്മാരുമായുള്ള അവന്റെ ഉടമ്പടി പിൻവലിക്കുകയും, യെഹൂദമതത്തെ നശിപ്പിക്കുകയും, കത്തോലിക്കാമതം ഉൾപ്പെടെ ഒരു മതത്തെയും സഹിക്കാതിരിക്കുകയും ചെയ്യും. അവൻ കത്തോലിക്കാമതത്തിന് പുറംതിരിക്കുകയും, പത്തു രാജാക്കന്മാരോടുകൂടെ അതിനെ നിശ്ശേഷം തുടച്ചുമാറ്റുകയും ചെയ്യും. ഈ വിഷയത്തിൽ ദൈവം വാസ്തവമായും സർവാധികാരിയാണ്. എതിർക്രിസ്തു ദൈവത്തെക്കാൾ അധികമായി അവനെത്തന്നെ ഉയർത്തുമെങ്കിലും, വാസ്തവത്തിൽ രണ്ടു മതങ്ങളെ—യെഹൂദമതത്തെയും കത്തോലിക്കാമതത്തെയും—നശിപ്പിക്കുവാൻ അവൻ ദൈവത്താൽ ഉപയോഗിക്കപ്പെടും.

ഇത് ചൈനയിൽ കമ്മ്യൂണിസത്തിൻകീഴിലുള്ള മതനശീകരണത്തിനു സമാനമാണ്. കമ്മ്യൂണിസ്റ്റുകാർ ദൈവത്തെ എതിർക്കുന്നുവെങ്കിലും, ബുദ്ധമതവും, താവോ മതവുംപോലെയുള്ള വ്യത്യസ്തമായ നിരവധി മതങ്ങളെ നിലംപരിശാക്കുവാൻ അവർ ദൈവത്താൽ ഉപയോഗിക്കപ്പെട്ടിരുന്നുവെന്ന് അവർ മനസ്സിലാക്കിയില്ല. 1949-നു മുമ്പ്, ചൈനയിലുടനീളം വിഗ്രഹ ക്ഷേത്രങ്ങൾ ഉണ്ടായിരുന്നു. ഇന്ന് ഈ ക്ഷേത്രങ്ങളെല്ലാം നീക്കപ്പെട്ടിരിക്കുന്നു. കൂടാതെ, കമ്മ്യൂണിസ്റ്റുകാർ യേശു ക്രിസ്തുവിനെ എതിർക്കുന്നുവെങ്കിലും, അവർ ഇപ്പോഴും അവന്റെ കലണ്ടർ ഉപയോഗിക്കുന്നു. ചരിത്രമനുസരിച്ച്, നിങ്ങൾ ആരുടെ കലണ്ടർ ഉപയോഗിക്കുന്നുവോ അവന് നിങ്ങൾ കീഴ്പെട്ടിരിക്കുന്നു. കമ്മ്യൂണിസ്റ്റുകാർ അവന്റെ കലണ്ടർ ഉപയോഗിക്കുന്നതുകൊണ്ട്, അവർ ബോധപൂർവമല്ലെങ്കിലും കർത്താവായ യേശുവിനു വിധേയരാണ്. വാസ്തവത്തിൽ, യേശു രാജാധിരാജാവായതുകൊണ്ട്, സർവഭൂമിയും അവന്റെ കലണ്ടർ ഉപയോഗിക്കുന്നു. സകല ജനവും അവനു വിധേയരാണ്. നമ്മുടെ കർത്താവ് എത്ര സർവാധികാരിയാണ്! അവനെ എതിർക്കുന്ന എല്ലാവർക്കുംമീതെ അവൻ സർവാധികാരിയാണ്; അവരുടെ എതിർപ്പിനെപ്പോലും അവന്റെ ഹിതം നിവർത്തിക്കുവാൻ അവൻ ഉപയോഗിക്കുന്നു. എതിർക്രിസ്തു ദൈവമായിരിക്കുവാൻ അവനെത്തന്നെ ഉയർത്തുമ്പോൾ, യെഹൂദമതത്തെയും കത്തോലിക്കാമതത്തെയും നശിപ്പിക്കുവാൻ കർത്താവായ യേശു അവനെ ഉപയോഗിക്കും. മതത്താൽ നിറഞ്ഞ ഭൂമിയെ ശുദ്ധമാക്കിക്കൊണ്ട്, കർത്താവായ യേശുവിന്റെ വരവിനുവേണ്ടി അതിനെ ഒരുക്കി എതിർക്രിസ്തു കർത്താവിനുവേണ്ടി ഒരു നല്ല ശുചീകരണവേല ചെയ്യും. അങ്ങനെ, കർത്താവായ യേശു എതിർക്രിസ്തുവിനെ പരാജയപ്പെടുത്തുവാൻ വരുമ്പോൾ, മതം നേരത്തെതന്നെ നീക്കപ്പെട്ടിരിക്കും.

## C. മൃഗത്തെയും അവന്റെ പ്രതിമയെയും ആരാധിക്കുന്നതിനെതിരെയും മുദ്രയ്ക്കെതിരെയും ഉള്ള മുന്നറിയിപ്പ്

ആദ്യഫലത്തിന്റെ ഉൾപ്രാപണത്തിനുശേഷം, മൃഗത്തെയും അവന്റെ പ്രതിമയെയും ആരാധിക്കുന്നതിനെതിരെയും മുദ്രയ്ക്കെതിരെയും ഒരു മുന്നറിയിപ്പ് നല്കപ്പെടും (വാ. 9-11). വാക്യം 9-ഉം 10-ഉം പറയുന്നു, "ആരെങ്കിലും മൃഗത്തെയും അവന്റെ പ്രതിമയെയും ആരാധിക്കുകയും തന്റെ നെറ്റിമേലോ കൈമേലോ അടയാളം സ്വീകരിക്കുകയും ചെയ്താൽ, അവനും ദൈവക്രോധത്തിന്റെ പാനപാത്രത്തിൽ കലർപ്പില്ലാതെ ചേർത്തിരിക്കുന്ന, ദൈവകോപത്തിന്റെ വീഞ്ഞിൽനിന്നു കുടിക്കും: അവൻ വിശുദ്ധ ദൂതന്മാർക്കു മുമ്പാകെയും കുഞ്ഞാടിനു മുമ്പാകെയും തീയിലും ഗന്ധകത്തിലും ദണ്ഡനമേൽക്കും." വാക്യം 10-ൽ പറഞ്ഞിരിക്കുന്ന തീയും ഗന്ധകവും തീപ്പൊയ്കയിലെ തീയെയും ഗന്ധകത്തെയും പരാമർശിക്കുന്നു (19:20; 20:10, 14). മൃഗത്തെയും അവന്റെ പ്രതിമയെയും ആരാധിക്കുന്നവരും, അവന്റെ പേരിന്റെ മുദ്ര സ്വീകരിക്കുന്നവരും നിത്യമായി ദണ്ഡനമേൽക്കുകയും അവർക്ക് രാവും പകലും യാതൊരു സ്വസ്ഥതയും ഇല്ലാതിരിക്കുകയും ചെയ്യും (വാ. 11).

വാക്യം 12 പറയുന്നു, "ഇവിടെയാകുന്നു ദൈവത്തിന്റെ കല്പനകളും യേശുവിന്റെ വിശ്വാസവും കാക്കുന്ന വിശുദ്ധന്മാരുടെ സഹിഷ്ണുത ആവശ്യമായത്." മഹോപദ്രവകാലത്തിൽ ശേഷിക്കുന്ന വിശുദ്ധന്മാർക്ക് എതിർക്രിസ്തുവിനാലുള്ള ഉപദ്രവം സഹിക്കേണ്ടതിന് സഹിഷ്ണുത ആവശ്യമായിരിക്കും. മഹോപദ്രവകാലത്തെ വിശുദ്ധന്മാർ രണ്ടുകൂട്ടം ജനമായിരിക്കും: ദൈവകല്പന കാക്കുന്ന യെഹൂദന്മാരും, യേശുവിന്റെ വിശ്വാസം കാക്കുന്ന വിശ്വാസികളും.

## D. മഹോപദ്രവത്തിലെ രക്തസാക്ഷിത്വം

മഹോപദ്രവത്തിന്റെ സമയത്ത് അനേകം വിശുദ്ധന്മാർ രക്തസാക്ഷികളാകും. വാക്യം 13 പറയുന്നു, "പിന്നെ സ്വർഗത്തിൽനിന്ന് ഒരു ശബ്ദം പറയുന്നത് ഞാൻ കേട്ടു, എഴുതുക, ഇപ്പോൾ മുതൽ കർത്താവിൽ മരിക്കുന്ന മൃതന്മാർ അനുഗൃഹീതർ. അതെ എന്ന് ആത്മാവ് പറയുന്നു, അവർ തങ്ങളുടെ അധ്വാനങ്ങളിൽനിന്നു വിശ്രമിക്കേണ്ടതിനു തന്നെ; അവരുടെ പ്രവൃത്തികൾ അവരെ പിന്തുടരുന്നുവല്ലോ." ഇവിടെ പറഞ്ഞിരിക്കുന്ന മൃതന്മാർ മഹോപദ്രവകാലത്ത് എതിർക്രിസ്തുവിന്റെ ഉപദ്രവത്തിൻകീഴിലുള്ള രക്തസാക്ഷികളെ പരാമർശിക്കുന്നു. 20:4-നാൽ ഇത് തെളിയിക്കപ്പെടുന്നു. മഹോപദ്രവകാലത്ത് രക്തസാക്ഷികളായവരുടെമേലുള്ള അനുഗ്രഹത്തെക്കുറിച്ച് ഈ വാക്യത്തിൽ

നാം വായിക്കുന്നു. ഈ രക്തസാക്ഷികൾ വിശ്രമിക്കുകയും, അവരുടെ പ്രവൃത്തികളൊക്കെയും ഒരു പ്രതിഫലമായി അവരെ പിന്തുടരുകയും ചെയ്യും.

സഭയുടെ അധഃപതനത്തിൻകീഴിൽ എഴുതപ്പെട്ട വെളിപ്പാട് പുസ്തകം ആത്മാവിന് ഊന്നൽ നല്കുന്നു. "തിരുവെഴുത്തു പറയുന്നു" എന്നല്ല, "ആത്മാവ് പറയുന്നു" എന്നാണ് വാക്യം 13 പറയുന്നത്.